**SM – 197**

**IV Semester B.A./B.Sc./B.Com./B.C.A./B.Sc. (FAD) Examination, May/June 2018**
**(Repeaters) (2011-12 and Onwards)**
**MALAYALAM LANGUAGE – IV**

Time : 3 Hours Max. Marks : 100/90

***Instructions*** : 1) *100 marks* ***2012-13*** *Onwards.*
2) ***90 marks*** *– prior to* ***2012-13.***
3) *Q. No.* ***VII compulsory*** *for* ***freshers only.***

ST. CLARET COLLEGE LIBRARY

I. ഏതെങ്കിലും **നാലെണ്ണം** വ്യാഖ്യാനിക്കുക. **(4×5=20)**

1) ഇന്നും, ഭാർഗവാ താങ്കളന്നുദധിയിൽ –
ക്ഷേപിച്ച ദിവ്യായുധം.

2) ഉയരുക വിഹായസ്സിലുജ്ജ്വല ശാന്തിയായ്
ഒഴുകി വരികെന്നിലേക്കാശ്വാസ ഗംഗയായ്

3) മാടി വിളിക്കുന്നു പൊൻ താഴികക്കുടം
ചൂടിയ കോവിലിൻ ഗോപുര വീഥികൾ

4) ഏതു നന്മയും ക്രമാൽ മുന കൂർപ്പിച്ചിട്ടേറ്റം
യാതനാവഹമാക്കാൻ കഴിയും നരനെന്നും

5) പണയമായ് ഹിമാലയം മതിയാക്കാം പക്ഷേ –
യെത്ര പണം വേണമെന്നു നിങ്ങൾ പറഞ്ഞില്ലല്ലോ.

II. a) ഏതെങ്കിലും **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക (**ഒന്നര പേജിൽ**). **(2×6=12)**

1) 'ഹിമാലയൻ പണയം' എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

2) വൃക്ഷങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് സമൂഹത്തിന് നല്കുന്ന സന്ദേശമാണ് 'വനരോദനം'. വ്യക്തമാക്കുക.

3) അഹങ്കാരം മനുഷ്യനെ ആപത്തിലേക്ക് നയിക്കുന്നു എന്നതിന് ഉദാഹരണമാണ് "മഴുവിന്റെ കഥ". വിലയിരുത്തുക.

b) ഏതെങ്കിലും **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക. **(2×6=12)**

1) അനിത, ബാബു – എന്നീ കഥാപാത്രങ്ങൾ.

2) സർദാർജി വിമലയോട് വിടവാങ്ങുന്നത് എങ്ങനെ ?

3) വിമലടീച്ചറിന്റെ അച്ഛന്റെ മരണം.

**P.T.O.**

III. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക (**മൂന്ന്** പുറത്തിൽ കവിയാതെ). (1×15=15)

1) ആത്മപ്രശംസ ഒന്നിനും ഒരു പരിഹാരമല്ല എന്നത് 'കളിയച്ഛൻ' എന്ന കവിതയെ ആസ്പദമാക്കി വിവരിക്കുക.

2) കുടുംബിനി എന്ന നിലയിൽ 'ശാന്ത' എന്ന കഥാപാത്രത്തിന്റെ പ്രാധാന്യം എന്ത് ?

IV. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക (**മൂന്ന്** പുറത്തിൽ കവിയാതെ). (1×15=15)

1) അന്തരീക്ഷത്തിന്റെ മാറിലേക്ക് തറച്ചു നില്ക്കുന്ന അസ്ത്രം പോലെയാണ് 'മഞ്ഞ്'. വ്യക്തമാക്കുക.

2) "നിശബ്ദതത ഒരു സംഗീതമാണ്" – മഞ്ഞ് എന്ന നോവലിലൂടെ സമർത്ഥിക്കുക.

V. **ഒന്നിന്റെ** ആശയം വിശദമാക്കുക. 4

1) 'ഭയം കൊണ്ടുള്ള ഭക്തിക്ക് ഭയം ഇല്ല'.

2) 'മുളയിലറിയാം വിള'.

VI. **ഒരു** വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. 12

1) വായനയുടെ പ്രാധാന്യം.

2) കുടുംബബന്ധങ്ങളുടെ തകർച്ച.

VII. **മൂന്നിലൊന്നായി** സംഗ്രഹിക്കുക. 10

നമ്മുടെ മണ്ണിൽ ജനിച്ചതും നമ്മുടെ ഭാഷകളിലൂടെ വികസിച്ചതും തത്ത്വചിന്താധാരകളും സാഹിത്യ ശാഖകളും സംഗീത-കലാരൂപങ്ങളുമൊക്കെയായിരുന്നു. ആധുനികശാസ്ത്രത്തിന്റെ മുന്നേറ്റങ്ങളും കുതിച്ചു ചാട്ടങ്ങളും സംഭവിച്ചതാകട്ടെ, മിക്കവാറും പാശ്ചാത്യ രാജ്യങ്ങളിലാണ്. രസതന്ത്രവും ഊർജ്ജതന്ത്രവും ജന്തുശാസ്ത്രവും സാങ്കേതിക വിഷയങ്ങളുമെല്ലാം വളർന്നു വികസിച്ചത് യൂറോപ്പിലും റഷ്യയിലും അമേരിക്കയിലും ജപ്പാനിലുമാണ്. പ്രതിനിമിഷമെന്നോണം പരീക്ഷണ ഫലങ്ങളും പുതിയ അറിവുകളും കണ്ടുപിടുത്തങ്ങളും ലോകമെമ്പാടും സംഭവിച്ചുകൊണ്ടിരിക്കുന്നു. ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ ഈ വിജ്ഞാനസ്ഫോടനത്തെ തുടരെ ഉൾക്കൊണ്ടു കൊണ്ടിരിക്കുന്ന ഒന്നാംകിട ലോകഭാഷയാണ് ഇംഗ്ലീഷ്. സാഹിത്യത്തിന്റെ ആഴവും പരപ്പും കൊണ്ടും ആംഗലഭാഷ ലോക ഭാഷകളിൽ മുൻപന്തിയിൽത്തന്നെ നിൽക്കുന്നു.

---